**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1717** **31-08-2022 - ൽ മറുപടിയ്ക്ക്**

**പോളിടെക്നിക് പരീക്ഷ നടത്തുന്നതിൽ വരുത്തിയ പരിഷ്കാരങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.പി. ചിത്തരഞ്ജൻ | | ഡോ. ആർ ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | സാങ്കേതിക വിദ്യാഭ്യാസ വകുപ്പിൽ പോളിടെക്നിക് ഡിപ്ലോമ പരീക്ഷ നടത്തുന്നതിൽ എന്തൊക്കെ പരിഷ്കാരങ്ങളാണ് നടപ്പിലാക്കിവരുന്നതെന്നും പ്രസ്തുത പരിഷ്കാരങ്ങൾ കാരണം വിദ്യാർത്ഥികൾക്ക് എന്തൊക്കെ ഗുണങ്ങളാണ് ഉണ്ടായതെന്നും വ്യക്തമാക്കുമോ; | (എ) | പോളിടെക്നിക്ക് കോളേജുകളിലെ ഡിപ്ലോമ പരീക്ഷകൾ സംബന്ധിച്ചുള്ള വിവിധ പ്രവർത്തനങ്ങൾ സുഗമമായി നിർവഹിക്കുന്നതിന് sbte.kerala.gov.inഎന്ന പോർട്ടൽ ക്രമീകരിച്ചിട്ടുണ്ട്. ഈ പോർട്ടൽ മുഖേന വിദ്യാർത്ഥികൾക്ക് ഓൺലൈൻ ആയി സെമസ്റ്റർ രജിസ്ട്രേഷൻ, പരീക്ഷ രജിസ്ട്രേഷൻ എന്നിവ നടത്തുന്നതിനുള്ള സൗകര്യം ലഭ്യമാണ്. പ്രസ്തുത പോർട്ടലിൽ വിദ്യാർത്ഥികൾക്ക് വിവിധ സേവനങ്ങൾക്കുള്ള ഫീസ് ഓൺലൈൻ ആയി ഒടുക്കുന്നതിനും പരീക്ഷ സംബന്ധമായ പരാതികൾ സമർപ്പിക്കുന്നതിനുമുള്ള സജ്ജീകരണങ്ങൾ ഒരുക്കിയിട്ടുണ്ട്. ചോദ്യപേപ്പർ വിതരണവും ഓൺലൈൻ സംവിധാനത്തിലേക്ക് മാറ്റിയിട്ടുണ്ട്. പരീക്ഷ പാസ്സായ വിദ്യാർത്ഥികൾക്ക് പ്രൊവിഷണൽ സർട്ടിഫിക്കേറ്റ്, പ്രൊവിഷണൽ ഗ്രേഡ് കാർഡ് എന്നിവയ്ക്ക് ഓൺലൈൻ ആയി അപേക്ഷിയ്ക്കുന്നതിനുള്ള സംവിധാനവും ലഭ്യമാണ് പ്രൊവിഷണൽ സർട്ടിഫിക്കേറ്റ്, പ്രൊവിഷണൽ ഗ്രേഡ് കാർഡ് എന്നിവ വിദ്യർത്ഥികൾ അപേക്ഷിച്ചാൽ ഉടൻ പഠന സ്ഥാപനത്തിൽ നിന്ന് തന്നെ അതിവേഗം വിതരണം ചെയ്യുന്നതിന് കഴിയുന്നതാണ്. അസ്സൽ ഡിപ്ലോമ സർട്ടിഫിക്കേറ്റ് ഗ്രേഡ് കാർഡ് എന്നിവ നേരിട്ട് വിദ്യാർത്ഥികളുടെ മേൽവിലാസത്തിൽ ലഭ്യമാക്കുന്നതിനുള്ള പരിഷ്കാരങ്ങളും നടപ്പിലാക്കിയിട്ടുണ്ട് . |
| (ബി) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം സമയബന്ധിതമായി പോളിടെക്നിക് പരീക്ഷകൾ നടത്തുന്നതിനും ഫലം പ്രസിദ്ധീകരിക്കുന്നതിനും കഴിഞ്ഞിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ; ഇല്ലായെങ്കിൽ ഇതു മൂലം വിദ്യാർത്ഥികൾക്കുണ്ടായ പ്രയാസങ്ങൾ പരിഹരിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; | (ബി) | കോവിഡ് കാലത്ത് നടത്തേണ്ടിയിരുന്ന ഡിപ്ലോമ പരീക്ഷകൾക്ക് കാലതാമസം വന്നിട്ടുണ്ട് എന്നിരുന്നാലും പ്രസ്തുത പരീക്ഷകൾ പൂർത്തീകരിയ്ക്കുന്നതിന് കഴിഞ്ഞിട്ടുണ്ട് . |

| | | | |
|---|---|---|---|
| (സി) | സെമസ്റ്റർ പരീക്ഷകൾ യഥാസമയം തന്നെ നടത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ? | (സി) | അക്കാദമിക്ക് കലണ്ടർ പ്രകാരം സെമസ്റ്റർ പരീക്ഷകൾ യഥാസമയം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട് . |

സെക്ഷൻ ഓഫീസർ